REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 02-11-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- ഇന്ത്യ- ഗ്രീസ് തന്ത്രപര പങ്കാളിത്തം ശക്തിപ്പെടുത്താൻ രാജ്യം പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- ഉപ തെരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിൽ പ്രചാരണം ശക്തം.
- അശ്വിനി കുമാർ വധക്കേസിൽ ഒരാൾ കുറ്റക്കാരനെന്ന് തലശ്ശേരി കോടതി. കോടതി വിധി നിരാശാജനകമെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ.
- മുനമ്പം ഭൂ പ്രശ്നത്തിൽ നീണ്ടുപോകുന്ന കോടതി നടപടികൾ ഒഴിവാക്കി ഒത്തുതീർപ്പിലെത്താൻ ഗവൺമെന്റ് നടപടിയെടുക്കണമെന്ന് P.K കുഞ്ഞാലിക്കുട്ടി.
- സിനിമാ - നാടക നടനും സംവിധായകനുമായ T P കുഞ്ഞിക്കണ്ണൻ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ അന്തരിച്ചു.
- ഇന്ത്യ- ന്യൂസിലാന്റ് മൂന്നാം ഏകദിനത്തിൽ ഇന്ത്യക്ക് ഏഴ് വിക്കറ്റ് നഷ്ടമായി.

## വാർത്തകൾ വിശദമായി

**ഇന്ത്യയും ഗ്രീസും തമ്മിൽ തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന് പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി, ഗ്രീസ് പ്രധാനമന്ത്രി കിരിയാക്കോസ് മിത്സോതാകിസുമായി നടത്തിയ ടെലഫോൺ സംഭാഷണത്തിൽ പറഞ്ഞു. പശ്ചിമേഷ്യയിലെ സംഭവവികാസങ്ങളുൾപ്പെടെ വിവിധ**

പ്രാദേശിക- ആഗോള താത്പര്യ വിഷയങ്ങൾ ഇരു നേതാക്കളും ചർച്ച ചെയ്തു. ഉഭയകക്ഷി ബന്ധങ്ങളിലെ പുരോഗതിയിൽ ഇരുനേതാക്കളും അഭിനന്ദനമറിയിച്ചു.

✪✪✪

ഉപ തെരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോകസഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും പരസ്യപ്രചാരണം അവസാനിക്കാൻ പത്ത് ദിവസം ബാക്കി നിൽക്കെ പരമാവധി വോട്ട് ഉറപ്പിക്കാൻ മണ്ഡലങ്ങൾ ഇളക്കിമറിക്കുകയാണ് സ്ഥാനാർത്ഥികളും നേതാക്കളും. ഈ മാസം 11ന് വൈകിട്ടാണ് പരസ്യപ്രചാരണം അവസാനിക്കുന്നത്. 13നാണ് വോട്ടെടുപ്പ്, 23ന് വോട്ടെണ്ണും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാപ്രതിനിധി അരുൺ വിൻസെന്റ്.

......(വോയ്സ്)...............

✪✪✪

ഹിന്ദു ഐക്യവേദി കണ്ണൂർ ജില്ലാ കൺവീനറും രാഷ്ട്രീയ സ്വയംസേവക സംഘം കണ്ണൂർ ജില്ല ബൗദ്ധിക് ശിക്ഷൺ പ്രമുഖുമായിരുന്ന ഇരിട്ടി പുന്നാട്ടെ അശ്വനി കുമാർ വധക്കേസിൽ ഒരാൾ കുറ്റക്കാരനാണെന്ന് തലശ്ശേരി കോടതി വിധിച്ചു. കേസിലെ മൂന്നാം പ്രതി M.V മർഷൂക്കിനെയാണ് കുറ്റക്കാരനെന്ന് കണ്ടെത്തിയത്. മറ്റ് 13 പേരെ കോടതി വെറുതെ വിട്ടു. ഈ മാസം നാലിന് പ്രതിയ്ക്ക് ശിക്ഷ വിധിക്കും.

2005 മാർച്ച് 10ന് രാവിലെ കണ്ണൂരിൽ നിന്നും പേരാവൂരിലേക്ക് പോവുകയായിരുന്ന ബസ്സിൽ യാത്ര ചെയ്യുകയായിരുന്ന അശ്വനി കുമാറിനെ ഇരിട്ടി പഴയഞ്ചേരി മുക്കിൽ തടഞ്ഞ് ജീപ്പിലെത്തിയ പ്രതികൾ കുത്തി കൊലപ്പെടുത്തിയെന്നാണ് കേസ്. വിധിയിൽ അപ്പീൽ പോകുമെന്ന് പ്രോസിക്യൂഷൻ അറിയിച്ചു.

✪✪✪

അശ്വിനികുമാർ വധക്കേസിൽ കോടതിവിധി നിരാശാജനകമെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ വിലയിരുത്തി. ഗവൺമെന്റും പോപ്പുലർ ഫ്രണ്ടും ഒത്തുകളിച്ചതിലൂടെയാണ് പ്രതികൾക്ക് രക്ഷപ്പെടാൻ അവസരമൊരുങ്ങിയതെന്ന് അദ്ദേഹം വയനാട്ടിൽ ആരോപിച്ചു. പട്ടാപ്പകലുണ്ടായ കൊലപാതകത്തിൽ തെളിവുകൾ ഹാജരാക്കുന്നതിൽ പൊലീസ് അലംഭാവം കാണിച്ചതായി അദ്ദേഹം

പറഞ്ഞു. പ്രോസിക്യൂഷനും കേസിൽ ദയനീയമായി പരാജയപ്പെട്ടതായും സുരേന്ദ്രൻ കുറ്റപ്പെടുത്തി.

✪✪✪

മുനമ്പം ഭൂമി പ്രശ്നത്തിൽ പതിറ്റാണ്ടുകളായി അവിടെ താമസിക്കുന്നവരുടെ സ്വത്തുവകകൾ സംരക്ഷിക്കാനെടുക്കുന്ന നടപടികളെ മുസ്ലീം ലീഗ് പിന്തുണയ്ക്കുമെന്ന് ലീഗ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി യോഗത്തിൽ പറഞ്ഞു. പ്രദേശവാസികൾക്ക് നിയമപരിരക്ഷ ഉറപ്പാക്കേണ്ടത് ഗവൺമെന്റാണെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു. ഗവൺമെന്റ് ഇച്ഛാശക്തി കാണിച്ചാൽ ഒറ്റദിവസം കൊണ്ട് തീർക്കാവുന്നതാണ് മുനമ്പത്തെ ഭൂപ്രശ്നമെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു. ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന കാലതാമസം പ്രശ്നങ്ങൾ വഷളാക്കുമെന്നും ലീഗ് ദേശീയ ജനറൽ സെക്രട്ടറി വ്യക്തമാക്കി.

നീണ്ടുപോകുന്ന കോടതി നടപടികൾ ഒഴിവാക്കി കോടതിക്ക് പുറത്ത് ഒത്തുതീർപ്പിലെത്താൻ ഗവൺമെന്റ് നടപടികൾ തുടങ്ങണമെന്നും കുഞ്ഞാലിക്കുട്ടി നിർദ്ദേശിച്ചു.

✪✪✪

ജന്മഭൂമി സുവർണ്ണജൂബിലി ആഘോഷമായ 'സ്വ' വിജ്ഞാനോത്സവത്തിന് നാളെ കോഴിക്കോട് തുടക്കമാകും. വൈകിട്ട് കേന്ദ്ര വാർത്താ വിതരണപ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ഉദ്ഘാടനം ചെയ്യും.

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

കാലം ചെയ്ത ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവയുടെ കബറടക്ക ചടങ്ങുകൾക്ക് തുടക്കമായി. വൈകിട്ട് നാലു മണിയോടെ പുത്തൻകുരിശ്ശ് പാത്രിയാർക്ക സെന്ററിലെ മാർ അത്തനേഷ്യസ് കതീഡ്രലിലാണ് സംസ്കാരം.

സഭയുടെ മെത്രാപ്പൊലീത്തൻ ട്രസ്റ്റി ജോസഫ് മാർ ഗ്രിഗോറിയോസ്, പാത്രിയാർക്കീസ് ബാവയുടെ പ്രതിനിധികൾ തുടങ്ങിയവർ കബറടക്ക ശുശ്രൂഷകൾക്ക് കാർമികത്വം വഹിക്കും.

ഇന്നലെ രാത്രി സെൻറ് അത്തനേഷ്യസ് കത്തീഡ്രലിൽ എത്തിച്ച കാതോലിക്ക ബാവയുടെ ഭൗതികശരീരം ദർശിക്കാൻ നൂറുകണക്കിന്

വിശ്വാസികളാണ് എത്തിയത്. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രി പി രാജീവ് തുടങ്ങിയവരും എത്തിയിരുന്നു.

രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ പുത്തൻകുരിശ്ശിലെത്തി കാതോലിക്കാ ബാവയ്ക്ക് അന്ത്യാഞ്ജലിയർപ്പിച്ചു.

✪✪✪

സിനിമാ - നാടക നടനും സംവിധായകനുമായ T P കുഞ്ഞിക്കണ്ണൻ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ അന്തരിച്ചു. അദ്ദേഹത്തിന് 76 വയസ്സായിരുന്നു.

'ന്നാ താൻ കേസ് കൊട് ' എന്ന സിനിമയിലെ മന്ത്രി പ്രേമൻ എന്ന കഥാപാത്രത്തെ അവതരിപ്പിച്ച് ശ്രദ്ധ നേടിയിരുന്നു.

കുഞ്ഞിക്കണ്ണന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനമറിയിച്ചു.

✪✪✪

ശബരിമല മണ്ഡലകാല ഒരുക്കങ്ങളുടെ അന്തിമ അവലോകനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് നടക്കും.

ഈ മാസം 15 ന് മണ്ഡല മകരവിളക്ക് തീർഥാടനത്തിനായി നടതുറക്കുന്നതിനു മുന്നോടിയായി വിവിധ വകുപ്പുകൾ മുന്നൊരുക്ക പ്രവർത്തനങ്ങൾ വേഗത്തിലാക്കി.

✪✪✪

സംസ്ഥാനത്ത് സാമൂഹിക സുരക്ഷാ ക്ഷേമനിധി പെൻഷന്റെ ഒരു ഗഡു കൂടി ബുധനാഴ്ച മുതൽ വിതരണം ചെയ്യുമെന്ന് മന്ത്രി KN ബാലഗോപാൽ പറഞ്ഞു. നാലു മാസത്തെ പെൻഷൻ കുടിശ്ശികയിൽ 62 ലക്ഷത്തോളം പേർക്ക് 1,600 രൂപ വീതമാണ് നൽകുന്നത്.

27 ലക്ഷത്തോളം പേരുടെ ബാങ്ക് അക്കൗണ്ടിൽ തുകയെത്തുമെന്നും മറ്റുള്ളവർക്ക് സഹകരണ ബാങ്കുകൾ വഴി വീട്ടിലെത്തി പെൻഷൻ തുക കൈമാറുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഇന്ത്യ- ന്യൂസിലാന്റ് മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ ഒന്നാം ഇന്നിംഗ്സിൽ ഇന്ത്യ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 222 റൺസെടുത്തു. ന്യൂസിലാന്റ് ആദ്യ ഇന്നിംഗ്സിൽ 235 റൺസെടുത്തിരുന്നു.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ചൊവ്വാഴ്ച ആദ്യ സെമിയിൽ കാലിക്കറ്റ് FC, തിരുവനന്തപുരം കൊമ്പൻസിനെ നേരിടും. ബുധനാഴ്ച രണ്ടാം സെമിയിൽ കൊച്ചിയും കണ്ണൂരും ഏറ്റുമുട്ടും.

✪✪✪

ഒളിമ്പിക്സ് മാതൃകയിൽ എറണാകുളത്ത് മറ്റന്നാൾ ആരംഭിക്കുന്ന സംസ്ഥാന സ്കൂൾ കായിക മേളയ്ക്ക് മുന്നോടിയായി ഘോഷയാത്രകൾ ആരംഭിച്ചു. എവർ റോളിംഗ് ട്രോഫിയുമായി തിരുവനന്തപുരത്ത് നിന്നും, ദീപശിഖയുമായി കാസർഗോഡ് ഹോസ്ദുർഗിൽ നിന്നുമാണ് ഘോഷയാത്രകൾ ആരംഭിച്ചത്.

✪✪✪

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മേഖലയിൽ 340 പേർക്ക് മഞ്ഞപ്പിത്തം സ്ഥിരീകരിച്ചു. മഞ്ഞപ്പിത്ത വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ശുചിത്വ മാനദണ്ഡം പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ജില്ലാമെഡിക്കൽ ഓഫീസർ നിർദേശം നൽകി. രോഗ വ്യാപനത്തിൽ ജാഗ്രത വേണമെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും DMO അറിയിച്ചു.

തളിപ്പറമ്പിൽ മഞ്ഞപിത്തത്തെ തുടർന്ന് രണ്ട് മരണമാണ് റിപ്പോർട്ട് ചെയ്തത്. ഇന്ന് മുതൽ ഈ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വീടുകൾ, കടകൾ എന്നിവ കേന്ദീകരിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കും.

✪✪✪

ജോലി തിരക്കുകൾക്കിടയിൽ വീട്ടുപണികൾ ചെയ്യാൻ ബുദ്ധിമുട്ടുന്നവർക്ക് ആശ്വാസവുമായി കുടുംബശ്രീയുടെ 'ക്വിക്ക് സെർവ്' പദ്ധതി. ശുചീകരണം മുതൽ ശുശ്രൂഷവരെ ചെയ്തുതരാൻ പരിശീലനം നേടിയ കുടുംബശ്രീ അംഗങ്ങൾ ഇനി മുതൽ വീട്ടിലെത്തും. നഗരസഭാ കേന്ദ്രീകൃതമായാണ് സേവനങ്ങൾ നൽകുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

............(വോയ്സ്)....................

✪✪✪

ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് സംസ്ഥാനത്ത് എട്ട് ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് ജില്ലകളിലാണ് ജാഗ്രത നിർദേശം.

മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്..

✪✪✪

മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിൻ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് കാസർകോട് ജില്ലയിൽ തുടക്കമായി. ജില്ലയിലെ വിവിധ ഹരിതസ്ഥാപനങ്ങൾ, ഹരിതവിദ്യാലയങ്ങൾ, ഹരിതകലാലയങ്ങൾ, ഹരിതടൌണുകൾ, ഹരിതടൂറിസം കേന്ദ്രങ്ങൾ, ഹരിത അയൽക്കൂട്ടങ്ങൾ എന്നിവയുടെ പ്രഖ്യാപനം നടന്നു.

✪✪✪

വയനാട് ചുണ്ടേൽ ആനപ്പാറയിൽ ഇറങ്ങിയ കടുവകളെ പിടികൂടുന്നതിന്റെ ഭാഗമായി AI ക്യാമറകൾ സ്ഥാപിച്ചു. രണ്ട് കിലോമീറ്റർ ചുറ്റളവിൽ 23 ക്യാമറകളും മൂന്ന് AI ക്യാമറകളുമാണ് സ്ഥാപിച്ചത്. മുതിർന്ന വനംവകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്ത് ക്യാമ്പ് ചെയ്യുന്നുണ്ട് .

✪✪✪

സ്വർണവില കുറഞ്ഞു. പവന് 120 രൂപ കുറഞ്ഞ് 58,960 രൂപയായി. 7370 രൂപയാണ് ഇന്നത്തെ ഗ്രാം വില.

✪✪✪